**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1324** **06-02-2020 ൽ മറുപടിക്ക്**

**ഭൂരഹിതരുടെ എണ്ണവും പട്ടയ വിതരണവും**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിലവിൽ സംസ്ഥാനത്ത് എത്ര ഭൂരഹിതരുണ്ടെന്നാണ് കണക്കാക്കുന്നത്; ആയത് 2016-ൽ എത്രയായിരുന്നുയെന്ന് വ്യക്തമാക്കുമോ; | (എ) വിവരം ശേഖരിച്ചു വരുന്നു. |
| ബി) ഈ സർക്കാർ സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം നൽകി; ആയതു പ്രകാരം എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 1,31,138 പട്ടയങ്ങളും, 462 പട്ടികവർഗ്ഗ കൈവശരേഖകളും, 1128 വനാവകാശരേഖകളും, 84 മുത്തങ്ങ കൈവശരേഖകളും, മറ്റ് ഇനങ്ങളിൽ 288 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. പട്ടയം നൽകിയിട്ടുള്ള 1,31,138 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| **ജില്ല** | **വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 1449 |
| കൊല്ലം | 1191 |
| പത്തനംതിട്ട | 655 |
| ആലപ്പുഴ | 991 |
| കോട്ടയം | 703 |
| ഇടുക്കി | 27914 |
| എറണാകുളം | 3648 |
| തൃശ്ശൂർ | 30133 |
| പാലക്കാട് | 13800 |
| മലപ്പുറം | 27188 |
| കോഴിക്കോട് | 8430 |
| വയനാട് | 1635 |
| കണ്ണൂർ | 5300 |
| കാസർഗോഡ് | 8101 |
| **ആകെ** | **131138** |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് 2011-16 കാലഘട്ടത്തിൽ എത്ര കുടുംബങ്ങൾക്കാണ് പട്ടയം വിതരണം ചെയ്തതെന്ന് അറിയിക്കുമോ; | (സി) | 2011-2016 കാലഘട്ടത്തിൽ ഭൂരിഹതരില്ലാത്ത കേരളം പദ്ധതി പ്രകാരം നൽകിയ 30,000- ഓളം പട്ടയങ്ങൾ ഉൾപ്പെടെ 1,30,744 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ സർക്കാർ കൈവശമുള്ള ഭൂമിയുടെ അളവെത്രയെന്ന് വ്യക്തമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ഈ സർക്കാരിന്റെ കാലത്തുതന്നെ ഭൂരഹിതരായ മുഴുവൻപേർക്കും ഭൂമി നൽകി എന്നുറപ്പു വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | ഭൂരഹിതരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന്റെ ഭാഗമായി താലൂക്ക് തലത്തിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ആഫീസുകളിൽ നിന്നും പട്ടയം (കുടിയായ്മ, കുടികിടപ്പ്, ക്രയസർട്ടിഫിക്കറ്റുകൾ) വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 1,31,138 പട്ടയങ്ങളും, 462 പട്ടികവർഗ്ഗ കൈവശരേഖകളും, 1128 വനാവകാശ രേഖകളും, 84 മുത്തങ്ങ കൈവശരേഖകളും മറ്റിനങ്ങളിലായി 288 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമിയോടൊപ്പം വീടും നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി ലൈഫ് മിഷൻ പദ്ധതി പ്രകാരവും സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**